## സെന്റ്. പീറ്റേഴ്സ് & സെന്റ്. പോൾസ് ഓർത്തഡോക്സ് പള്ളി, കോലഞ്ചേരി

മലങ്കര സഭയുടെ അതിപുരാതന ദേവാലയങ്ങളിൽ ഒന്നാണ് കോലഞ്ചേരി പള്ളി. കോലഞ്ചേരി കുടുംബത്തിലെ തങ്കൻ മാപ്പിളയുടെ നേതൃത്വത്തിലാണ് 7-ാം നൂറ്റാണ്ടിൽ ഈ ദേവാലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. അതുവരെ ഈ ദേശത്തുകാരുടെ ആരാധനാ കേന്ദ്രം കടമറ്റം പള്ളി ആയിരുന്നു. തങ്കൻ മാപ്പിളയുടെ സ്ഥലം തന്നെ പള്ളിപണിക്കായി കണ്ടുപിടിച്ച് മുഴുവൻ നാട്ടുകാരുടേയും സഹകരണത്തോടെ പള്ളിപണി പൂർത്തിയാക്കുകയായിരുന്നു.

മലങ്കരസഭയിലെ മെത്രാപ്പോലീത്തമാരുടെ ആസ്ഥാനമായി പല കാലഘട്ടങ്ങളിലും ഈ ദേവാലയം നിലനിന്നിരുന്നു. ഏഴാം മാർത്തോമ്മ കബറടങ്ങിയിരിക്കുന്നത് ഈ ദേവാലയത്തിലാണ്. കണ്ടനാട് ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയും പിന്നീട് ഒന്നാം കാതോലിക്കായുമായ പരി. മുറിമറ്റത്തിൽ ബാവ ഈ ഇടവകാംഗമായിരുന്നു. ആദ്യ ഘട്ടത്തിൽ കണ്ടനാട് ഭദ്രാസനത്തിന്റെ ആസ്ഥാനമായും ഈ ദേവാലയം നിലകൊണ്ടിരുന്നു. ഇപ്പോഴത്തെ കാതോലിക്ക പരി. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ഉൾപ്പെടെ മൂന്ന് പേരെ മെത്രാപ്പോലീത്തമാരായി ഈ പു. ദേവാലയത്തിൽ വച്ച് വാഴിച്ചിട്ടുണ്ട്.

പുതുക്കിപ്പണിത ദേവാലയത്തിന്റെ കൂദാശകർമ്മം 1963 ജനുവരി 28 ന് പരി. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ടാണ് നിർവ്വഹിച്ചത്. ബഹു. വാലായിൽ ഏലിയാസ് കത്തനാർ, കെ.വി. തോമസ്, എം. ചാക്കോപ്പിള്ള എന്നിവരുടെ സ്തുത്യർഹമായ നേതൃത്വം പള്ളിയുടെ പുനർനിർമ്മാണത്തിലുണ്ടായിരുന്നു. പ. പത്രോസ്, പ. പൗലോസ് ശ്ലീഹന്മാരുടെ നാമത്തിലുള്ള ഈ പള്ളിയിലെ പ്രധാന പെരുന്നാൾ ജൂലൈ 11,12 തീയതികളിലാണ്.

വികാരി. റവ. ഫാ. ജേക്കബ്ബ് കുര്യൻ ചെമ്മനം